"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണം-പഞ്ചായത്ത് വകുപ്പ്-ജീവനക്കാര്യം-തിരുവനന്തപുരം ജില്ലയിലെ പനവൂർ ഗ്രാമപഞ്ചായത്തിലെ മുൻ ക്ലാർക്കും നിലവിൽ വിളവൂർക്കൽ ഗ്രാമപഞ്ചായത്തിലെ ക്ലാർക്കുമായ ശ്രീ.ശ്രീജിത്.യു-ന് കെ.എസ്.ആർ, ഭാഗം I, ചട്ടം 88 പ്രകാരം ശൂന്യവേതനാവധി അനുവദിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1293/2022/LSGD തീയതി,തിരുവനന്തപുരം, 25-05-2022

---

പരാമർശം:-

1. 14.06.1994ലെ 36/94/ധന നമ്പർ സർക്കുലർ.
2. സ.ഉ(പി)നം.110/13/ധന തീയതി 01.03.2013.
3. ശ്രീ.ശ്രീജിത്.യു-ന്റെ ശൂന്യവേതനാവധിയപേക്ഷ.
4. പഞ്ചായത്ത് ഡയറക്ടറുടെ 10.11.2020, 21.04.2022 എന്നീ തീയതികളിലെ ഇ6-12703/20 നമ്പർ കത്തുകൾ.

**ഉത്തരവ്**

തിരുവനന്തപുരം ജില്ലയിലെ പനവൂർ ഗ്രാമപഞ്ചായത്തിലെ മുൻ ക്ലാർക്കും നിലവിൽ വിളവൂർക്കൽ ഗ്രാമപഞ്ചായത്തിലെ ക്ലാർക്കുമായ ശ്രീ .ശ്രീജിത്.യു, 03.12.2014 മുതൽ 30.07.2015 വരെ ശൂന്യവേതനാവധി അനുവദിക്കണമെന്നാവശ്യപ്പെട്ട് പരാമർശം (3) പ്രകാരം സമർപ്പിച്ച അപേക്ഷ, പഞ്ചായത്ത് ഡയറക്ടർ പരാമർശം (4) പ്രകാരം സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

2. ശ്രീ.ശ്രീജിത്.യു 10.11.2004 ൽ സേവനത്തിൽ പ്രവേശിച്ചു. 03.12.2014 മുതൽ 30.07.2015 വരെയുള്ള കാലയളവിലേക്കുള്ള മെഡിക്കൽ സർട്ടിഫിക്കറ്റുകളും 31.07.2015 തീയതിയിലുള്ള മെഡിക്കൽ ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റും ഹാജരാക്കിയിട്ടുണ്ട്. അവധിക്കാലയളവിന് ശേഷം 31.07.2015 ന് സേവനത്തിൽ പുനഃപ്രവേശിച്ചു

3. സർക്കാർ ഇക്കാര്യം പരിശോധിച്ചു മെഡിക്കൽ സർട്ടിഫിക്കറ്റുകളുടെ ആധികാരികത ഇനി പരിശോധിയ്ക്കാൻ നിർവ്വാഹമില്ല. കൂടാതെ രണ്ടാം വൈദ്യപരിശോധനയ്ക്കുള്ള അവസരവും നഷ്ടമായിരിയ്ക്കുന്നു. ആയതിനാൽ ടിയാന് മെഡിക്കൽ സർട്ടിഫിക്കറ്റിന്മേൽ ശൂന്യവേതനാവധി അനുവദിക്കാൻ നിർവ്വാഹമില്ല എന്നതിനാൽ തിരുവനന്തപുരം ജില്ലയിലെ പനവൂർ ഗ്രാമപഞ്ചായത്തിലെ മുൻ ക്ലാർക്കും നിലവിൽ വിളവൂർക്കൽ ഗ്രാമപഞ്ചായത്തിലെ ക്ലാർക്കുമായ ശ്രീ.ശ്രീജിത്.യു-യ്ക്ക് പരാമർശം (2) ഉത്തരവ് പ്രകാരം 03.12.2014 മുതൽ 30.07.2015 വരെ മുൻകാല പ്രാബല്യത്തോടെ കെ.എസ്.ആർ, ഭാഗം I, ചട്ടം 88 പ്രകാരം ടി കാലയളവ്, ഇൻക്രിമെന്റ്, ഹയർ ഗ്രേഡ്, പെൻഷൻ, ആർജ്ജിതാവധി എന്നിവക്ക് പരിഗണിക്കുന്നതല്ല എന്ന വ്യവസ്ഥയിൽ ശൂന്യവേതനാവധി അനുവദിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

സ.ഉ.(സാധാ) നം.1293/2022/LSGD

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷൈജ സി ജി
ഡെപ്യൂട്ടിസെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം (പഞ്ചായത്ത് ഡയറക്ടർ മുഖേന).

സെക്രട്ടറി, പനവൂർ ഗ്രാമപഞ്ചായത്ത്,തിരുവനന്തപുരം(പഞ്ചായത്ത് ഡയറക്ടർ മുഖേന).

സെക്രട്ടറി, വിളവൂർക്കൽ ഗ്രാമപഞ്ചായത്ത്,തിരുവനന്തപുരം(പഞ്ചായത്ത് ഡയറക്ടർ മുഖേന).

ശ്രീ.ശ്രീജിത്.യു, ക്ലാർക്ക്, വിളവൂർക്കൽ ഗ്രാമപഞ്ചായത്ത്, തിരുവനന്തപുരം(പഞ്ചായത്ത് ഡയറക്ടർ മുഖേന)

ഇൻഫർമേഷൻ ആൻഡ് പബ്ലിക്ക് റിലേഷൻസ് (വെബ് ആൻഡ് ന്യൂ മീഡിയ) വകുപ്പ്

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം, തിരുവനന്തപുരം.

ഓഫീസ് പകർപ്പ്/കരുതൽ ഫയൽ.(212/ഇപിഎ1/2020/തസ്വഭവ നമ്പർ ഫയലിലേക്ക്)

ഉത്തരവിൻ പ്രകാരം
**Signed by Danuja M S**
**Date: 25-05-2022 14:51:53**

സെക്ഷൻ ഓഫീസർ